## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2977

15.12.2015-ൽ
മറുപടിയ്ക്ക്

### ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ബി ടെക് ആദ്യ.സെമസ്റ്റർ പരീക്ഷ

*ചോദ്യം*
ശ്രീ. സി.കെ സദാശിവൻ

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പുതുതായി രൂപീകരിച്ച കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ഒന്നാം വർഷ ബി.ടെക് ആദ്യ സെമസ്റ്റർ പരീക്ഷ, മൂല്യനിർണ്ണയം എന്നിവ നടത്തുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായ ഒരു സ്വകാര്യ കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) എ.പി. ജെ. അബ്ദുൾകലാം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പ് എജൻസിയെ ഏൽപ്പിച്ചിട്ടില്ല. ''വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം'' നടപ്പിലാക്കുന്നതിന് ഇ-ടെൻഡർ വഴി സോഫ്റ്റ്വെയർ, ഹാർഡ്വെയർ, സംവിധാനങ്ങൾ ഒരുക്കുന്നതിനും ആയത് പ്രവർത്തിപ്പിക്കുന്നതിന് ഏജൻസിയെ കണ്ടെത്തി പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. ചോദ്യ പേപ്പർ തയ്യാറാക്കൽ, മൂല്യനിർണ്ണയം എന്നിവ അതിന്റെ രഹസ്യം സ്വഭാവം കാത്ത് സൂക്ഷിച്ച് അദ്ധ്യാപകർ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. |

എന്നാൽ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാരുമായി കൂടിയാലോചിച്ച് സർവ്വകലാശാല പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ട തില്ലെന്ന് തീരുമാ നിച്ചു.

| | | |
|---|---|---|
| (ബി) | എങ്കിൽ ഇതുമൂലം പരീക്ഷ യുടെയും, മൂല്യനിർണ്ണയത്തിന്റെ യും സുതാര്യത സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള ആശങ്ക പരിഹരിക്കുന്നതിന് ആവശ്യ മായ നടപടി സ്വീകരിക്കുമോ? | (ബി) വിദ്യാർത്ഥി- അദ്ധ്യാപക സമൂഹത്തിൽ നിന്നും ഉയർന്നുവന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം പിൻവലിച്ചു. |

Rolf

*സെക്ഷൻ ഓഫീസർ*